# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.353      27-02-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.പി. സജീന്ദ്രൻ
ശ്രീ.കെ.എസ്. ശബരീനാഥൻ
ശ്രീ.കെ. മുരളീധരൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ ; വിശദാംശം നൽകുമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. |
| (ബി) | സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | |
| (സി) | വികസന പ്രവത്തനങ്ങൾക്ക് വേണ്ടി സമാഹരിച്ച വായ്പാതുക നിത്യചെലവുകൾക്കായി വിനിയോഗിക്കേണ്ട സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ ; വിശദമാക്കാമോ ; | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പ |

| | | |
|---|---|---|
| | | യെടുത്ത തുക എന്തൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുക പ്രധാനമായും പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും (78.44%) 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും (50.49%) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ നിലവിലെ റവന്യുകമ്മി എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെയുള്ള കാലയളവിലെ റവന്യുകമ്മി 15,952.61 കോടി രൂപയാണ് |
| (ഇ) | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കുമോ ? | ധനസ്ഥിതി സംബന്ധിച്ച് ധവള പത്രം പുറപ്പെടുവിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

അക്കൗണ്ട്സ് ഓഫീസർ